കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ഐൻസ്റ്റൈൻ എന്ന മഹാമനുഷ്യൻ

മഹാത്മാഗാന്ധി അകാലമൃത്യുവടഞ്ഞപ്പോൾ ലോകത്തിലെ രാഷ്ട്രനേതാക്കന്മാർ, സാഹിത്യനായകന്മാർ, ചിന്തകന്മാർ തുടങ്ങി നിരവധിപേർ ആ ദുരന്തത്തിൽ സ്വാഭാവികമായി പ്രതികരിച്ചു. അവയിൽ എനിക്ക് ഏററവും ഹൃദയസ്പർശിയും ആത്മാർത്ഥവും സത്യസന്ധവുമായി അനുഭവപ്പെട്ടത് അൽബർട്ട്ഐൻസ്റ്റൈനിന്റെ വാക്കുകളാണ്. ഇതു തികച്ചും ആത്മനിഷ്ഠമായ ഒരനുഭവമാണുതാനും- ഐൻസ്റ്റൈനെപ്പററി സ്മരിക്കാനോ ചിന്തിക്കാനോ ഇടവരുന്ന വേളകളിൽ ഗാന്ധിജിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വാക്കുകൾസ്വർണ്ണമണിനാദംമാതിരി മനസ്സിൽഉണരാറുണ്ട്.


മഹാശാസ്ത്രജ്ഞനായിരുന്ന ഐൻസ്റ്റൈനിന്റെ ലളിതമായ ജീവിതചര്യകളും, സാധാരണക്കാരനായ ഒരു ശുദ്ധഗതിക്കാരന്റെ രീതിയിലുള്ള പെരുമാററങ്ങളും, പ്രസിദ്ധമാണ്. അദ്ദേഹത്തോടടുത്തു പെരുമാറിയിരുന്നവരും, സഹപ്രവർത്തകരും, സുഹൃത്തുക്കളും വഴിക്ക്, അദ്ദേഹത്തിന്റെ പ്രത്യേകത പ്രത്യക്ഷമാക്കുന്ന നിരവധിസംഭവകഥകൾ പുറത്തുവന്നിട്ടുണ്ട്. ജീവചരിത്രരചയിതാക്കളും സ്മരണകൾ രേഖപ്പെടുത്തിയിട്ടുള്ളവരും, അവയ്ക്ക് വലിയ പ്രചാരം നൽകിയിട്ടുമുണ്ട്. അങ്ങനെ അറിയാനും വായിക്കാനും ഇടവന്നിട്ടുള്ള ചില സംഭവങ്ങൾ ഇവിടെ ആവർത്തിക്കട്ടെ.

എഴുപതാമത്തെവയസ്സിൽ 1955 ഏപ്രിൽ 18-ാംതീയതി ആ മഹാപുരുഷൻ അന്തരിച്ചു. അനാർഭാടമായി മൃതദേഹം ദഹിപ്പിക്കുകയാണ് ചെയ്തത്. ചിതാഭസ്മം, വെളിപ്പെടുത്തിയിട്ടില്ലാത്ത, ഒരുസ്ഥലത്ത് വിതറി. അപ്രകാരം വേണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. എല്ലാക്കാലത്തും ആർഭാടത്തോടും ആഘോഷച്ചടങ്ങുകളോടും താൽപ്പര്യമില്ലാത്ത, ലളിതജീവിതപ്രേമിയായിരുന്നു ഐൻസ്റ്റൈൻ. ഒരിക്കൽ, മുഖ്യാതിഥിയായി ഒരു അത്താഴവിരുന്നിൽ അദ്ദേഹം സംബന്ധിച്ചു. ആതിഥേയൻ അദ്ദേഹത്തെഅത്യധികം ശ്ലാഘിച്ചു സംസാരിക്കാൻതുടങ്ങി. അൽപ്പനേരം അതുസഹിച്ചശേഷം, അടുത്തിരുന്നയാളിന്റെ ചെവിയിൽ, സ്വകാര്യംപോലെ, ഐൻസ്റ്റൈൻപറഞ്ഞു- 'എന്നാൽ.... ആ 'മഹാൻ' കാലുറയിടാറില്ല! പ്രാസംഗികൻ അതറിഞ്ഞിട്ടില്ല!'

'സയൻറിഫിക് അമേരിക്കൻ' എന്ന ആധികാരികത്വവും പ്രശസ്തിയുമുള്ള മാസിക, ആപേക്ഷികസിദ്ധാന്തത്തെപ്പറ്റി ഒരുപന്യാസമത്സരം നടത്താനുറച്ച്, വിവരം പ്രസിദ്ധപ്പെടുത്തി. പ്രബന്ധദൈർഘ്യം, മൂവായിരംവാക്ക്. സമ്മാനം രണ്ടായിരംഡോളർ! ഈ പരസ്യവിവരം ഒരു സുഹൃത്ത് അദ്ദേഹത്തെ അറിയിച്ചപ്പോൾ പ്രതികരണമിതായിരുന്നു- 'എന്റെ സുഹൃത്സംഘത്തിൽനിന്ന് ഞാനേതായാലും അതിൽ ചേരുന്നതല്ല. അവരു പറഞ്ഞിട്ടുള്ളമാതിരി എനിക്ക് പററുമെന്നു തോന്നുന്നില്ല'

അദ്ദേഹത്തിന്റെ രണ്ടാംഭാര്യ, ഒരവസരത്തിൽ ആവലാതിമാതിരി, ഐൻസ്റ്റൈനോട് പറഞ്ഞു- 'അവിടത്തെ സിദ്ധാന്തത്തെക്കുറിച്ച് ആളുകൾ എന്നോട് വളരെ സംസാരിക്കാറുണ്ട്, ചോദിക്കാറുണ്ട്. എനിക്കൊന്നുമറിയില്ലെന്നുപറയുമ്പോൾ, ഞാനൊരു മൂഢയാണെന്നുതോന്നും. ആട്ടെ, അതിനെക്കുറിച്ച് അൽപ്പം ചിലതെങ്കിലും എനിക്ക് മനസ്സിലാക്കിത്തന്നുകൂടെ?'

ഒരുനിമിഷം ചിന്താധീനനായിരുന്നശേഷം, ആയാസപ്പെട്ടെന്നമട്ടിൽ ഐൻസ്റ്റൈൻ പതുക്കെ സംസാരിച്ചു- 'ശരി!.... ആളുകൾ ചോദിക്കുമ്പോൾ, അക്കാര്യങ്ങളൊക്കെ അറിയാമെന്നുപറയൂ. പക്ഷെ അതൊട്ടും പുറത്തുപറയാൻ പററുന്നതല്ല; അത്രയ്ക്ക് പരമരഹസ്യമാണ്; എന്നും പറഞ്ഞോളൂ!'



ഐൻസ്റ്റൈൻ

തന്റെ സിദ്ധാന്തങ്ങൾക്കെതിരായി വാതോരാതെ പ്രസംഗിക്കുകയും എഴുതുകയും ചെയ്തിരുന്ന ജർമ്മൻ പ്രൊഫസറന്മാരെ അദ്ദേഹത്തിന് കടുത്ത അവജ്ഞയായിരുന്നു. ആറുപേരടങ്ങിയ പ്രൊഫസറന്മാരുടെ ഒരുസംഘം, ഐൻസ്റ്റൈനെ അവഹേളിച്ചും സിദ്ധാന്തങ്ങളെ എതിർത്തും, ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തി. ആ വിവരം ഒരാളറിയിച്ചപ്പോൾ ഇങ്ങനെയാണ് പ്രതികരിച്ചത് 'എനിക്ക് പ്രമാദം പററിയിരുന്നെങ്കിൽ, അതുതെളിയിക്കാൻ ഒരു പ്രൊഫസർ ധാരാളമാകുമായിരുന്നു!'

ഐൻസ്റ്റൈൻ പ്രിൻസ്റ്റൻ സർവ്വകലാശാലയിൽ ജോലിയേററു കഴിഞ്ഞകാലം. ഒരുദിവസം സർവ്വകലാശാലയുടെ ഡീനിന്റെ വീട്ടിൽ ഫോൺവന്നു. അതിലൂടെ ഒരാൾ ചോദിച്ചു- 'ഡീൻ ഐസൻഹാർട്ടിനോടൊന്നു സംസാരിച്ചോട്ടെ!'

റിസീവറെടുത്ത സെക്രട്ടറി, ഡീൻ വീട്ടിലില്ലെന്ന് മറുപടി പറഞ്ഞു- മറെറയററത്തെയാൾ- 'ഒരുപക്ഷെ, നിങ്ങൾക്ക് ഡോ: ഐൻസ്റ്റൈൻ പാർക്കുന്ന വീടൊന്നു പറഞ്ഞുതരാൻ പററുമോ?'

സെക്രട്ടറി- 'ക്ഷമിക്കണം! ഡോ: ഐൻസ്റ്റൈൻ സ്വകാര്യതപൂർണ്ണമായി പാലിക്കണമെന്ന നിർബ്ബന്ധക്കാരനാണ്. അതുകൊണ്ട് വിവരമറിയിക്കാൻ വിഷമമുണ്ട്'

മറെറയാൾ അങ്ങേയററത്ത്, വിറപൂണ്ട്, അടക്കിയ സ്വരത്തിൽ,- 'ആരോടുമിക്കാര്യം മിണ്ടല്ലെ! ഞാൻതന്നെയാ ഡോ: ഐൻസ്റ്റൈൻ! മടങ്ങുന്ന വഴിയിലാ! വീടെവിടെയെന്നു മറന്നിരിക്കുന്നു!'

ഇങ്ങനെ പറയാൻ എത്രയോ സംഭവകഥകളുണ്ട്!

പിൽക്കാലത്താർജ്ജിക്കാൻപോകുന്ന മഹത്വത്തിന്റെ സൂചനകളൊന്നും അദ്ദേഹത്തിന്റെ ബാല്യത്തിലുണ്ടായിരുന്നില്ല. അന്നത്തെ ഒതുക്കവും പതിഞ്ഞ പെരുമാററവുമൊക്കെ, പ്രായമായപ്പോഴും തുടർന്നതേയുള്ളൂ. ശൈശവത്തിൽ സംസാരിക്കാൻ തുടങ്ങിയതുപോലും വളരെ വൈകിയാണ്. വേഷത്തിലോ ആഹാരത്തിലോ വലിയ നിർബ്ബന്ധമെന്തെങ്കിലും, ഐൻസ്റ്റൈന് ഒരിക്കലുമുണ്ടായിരുന്നുമില്ല.